പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3020

07.12.2018 - ൽ മറുപടിയ്ക്ക്.

## വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഐ.ടി സെൽ

*ചോദ്യം*

ശ്രീ.സി. കെ. ശശീന്ദ്രൻ :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഐ.ടി സെൽ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് മികച്ച രീതിയിൽ നൽകുന്നതിനായി ഐ.ടി. സെൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (ബി) ഐ.ടി സെൽ ജനങ്ങൾക്കും പരിശീലനാർത്ഥികൾക്കും മെച്ചപ്പെട്ടതും, സുതാര്യവുമായ സേവനം ലഭിക്കത്തക്കവിധത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.<br>a) **അഡ്മിഷൻ ഓൺലൈൻ പോർട്ടൽ:** 2018 ട്രെയിനിംഗ് വർഷം വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഗവ.ഐ.ടി.ഐ കളിൽ ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്നതിനുള്ള പോർട്ടൽ ഐ.ടി സെല്ലിന്റെ കീഴിൽ വകുപ്പിലെ ജീവനക്കാർ തന്നെ രൂപപ്പെടുത്തി. സർക്കാർ പണം വിനിയോഗിക്കാതെയാണ് ഈ പോർട്ടൽ തയ്യാറാക്കിയത്. ഓൺലൈൻ പെയ്മെന്റ് അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>b) **പരിശീലനം മെച്ചപ്പെടുത്തൽ:** വെർച്വൽ ക്ലാസ്സ് റൂം എന്ന ഓൺലൈൻ വിദൂര വിദ്യാഭ്യാസ പദ്ധതി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് വഴി വിദൂര കേന്ദ്രങ്ങളിൽ നടക്കുന്ന ക്ലാസ്സുകൾ പരിശീലനാർത്ഥികൾക്ക് പ്രയോജനപ്രദമായി ഉപയോഗിക്കാനും, പഠന നിലവാരം വർദ്ധിപ്പിക്കാനും കഴിയും. കൂടാതെ വീഡിയോ കോൺഫറൻസ് സംവിധാനവും ഇത് വഴി സുഗമമായി നടപ്പാക്കുവാനും കഴിയുന്നതാണ്. |

| | | |
|---|---|---|
| | | c) **ഇൻസ്പെക്ഷൻ സോഫ്റ്റ് വെയർ:** ഐ.ടി.ഐ.കളിൽ ഇൻസ്പെക്ഷൻ സുഗമമായി നടത്തുന്നതിനും, ഇൻസ്പെക്ഷൻ വിവരങ്ങൾ ഓൺലൈൻ ആയിത്തന്നെ ട്രെയിനിംഗ് ഡയറക്ടർക്ക് ലഭിക്കുന്നതിനും ആവശ്യമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>d) **വ്യാവസായിക പരിശീലന വകുപ്പ് വെബ്സൈറ്റിന്റെ നവീകരണം:** വ്യാവസായിക പരിശീലന വകുപ്പിന്റെ വെബ് സൈറ്റ് മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് വെബ്സൈറ്റും തയ്യാറാക്കിവരുന്നു.<br><br>e) **ഇ-ഓഫീസ് പദ്ധതി:** ഫയൽ നീക്കം വേഗത്തിലും, സുതാര്യമായും നടത്തുന്നതിന് ഡയറക്ടറേറ്റിലും, കണ്ണൂർ റീജിയണൽ ഡയറക്ടറേറ്റിലും, തിരുവനന്തപുരം, കോഴിക്കോട് ജില്ലയിലെ യൂണിറ്റ് ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു 3 ജില്ലകളിൽ കൂടി ഈ സാമ്പത്തിക വർഷം തന്നെ ഇത് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>f) **ജോബ് ഫെയറിന്റെ പോർട്ടൽ:** പരിശീലനം നേടിയ ട്രെയിനികൾക്ക് എല്ലാ വർഷവും ട്രെയിനിംഗ് വകുപ്പ് സംഘടിപ്പിക്കുന്ന ജോബ് ഫെയറുകളിലൂടെയാണ് പ്ലേസ്മെന്റ് നൽകുന്നത്. ഇത് നടപ്പിലാക്കുന്നതിനു ഉദ്യോഗാർത്ഥികൾക്കും, കമ്പനികൾക്കും രജിസ്റ്റർ ചെയ്യാനുള്ള പോർട്ടലും രൂപപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.